Email : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

സി.ബി(1)23319/13 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 6.6.2013

# സർക്കുലർ നമ്പർ 37/2013

**വിഷയം:** സഹകരണ വകുപ്പ് – പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധ ഇനം വായ്പകൾക്കും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അതേ ആവശ്യത്തിന് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്കുമുള്ള ഓഹരി അനുപാതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) സഹകരണ സംഘം രജിസ്ട്രാറുടെ 3.1.2000 ലെ **3/2000 നമ്പർ സർക്കുലർ**
2) **സഹകരണ സംഘം** രജിസ്ട്രാറുടെ 2.4.2002 ലെ 11/2002 നം.സർക്കുലർ.
3) സഹകരണ സംഘം രജിസ്ട്രാറുടെ 28.7.2005 ലെ 25/05 നം.സർക്കുലർ.

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന ഹ്രസ്വകാല മധ്യകാല കാർഷിക വായ്പയ്ക്ക് 1:20 എന്ന അനുപാതത്തിലും, സ്വർണ്ണ പണയവായ്പ ഒഴികെയുള്ള മറ്റെല്ലാ വായ്പകൾക്കും വായ്പതുകയുടെ 1 ശതമാനം ഓഹരി അനുപാതം ആയി സൂചന (1) പ്രകാരം നിശ്ചയിച്ചിരുന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും നേരിട്ടു നൽകുന്ന വ്യക്തിഗത വായ്പകൾക്ക് ഓഹരി തുക ഒടുക്കേണ്ടി വരാത്ത സാഹചര്യത്തിലും പ്രാഥമിക സഹകരണ സംഘത്തിൽ നിന്നും കൂടിയ അനുപാതത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ ഓഹരി ഈടാക്കുന്നത് പ്രാഥമിക സഹകരണ സംഘങ്ങളെയും അവിടെ നിന്നും വായ്പയെടുക്കുന്ന അംഗങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടതിനാലും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾക്ക് നൽകുന്ന വിവിധ ഇനം വായ്പകൾക്കും,ജില്ലാ സഹകരണ ബാങ്കിൽ നിന്നും അതേ ആവശ്യത്തിന് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്കുള്ള ഓഹരി അനുപാതം ഏകീകരിച്ചു കൊണ്ടും, എല്ലാത്തരം വായ്പകൾക്കും വായ്പതുകയുടെ **1%** ഓഹരി അനുപാതമായി നിശ്ചയിച്ചു കൊണ്ടും സൂചന (2) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശം ചില ജില്ലാ സഹകരണ ബാങ്കുകൾ പാലിക്കാതിരുന്നതിനെ തുടർന്ന് സൂചന (3) പ്രകാരവും നിർദ്ദേശം നൽകിയിരുന്നു.

ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകളിൽ മൂലധന പര്യാപ്തത(**CRAR) 31/3/13-** ന് **4%-**ൽ കുറവുള്ള ബാങ്കുകൾ മതിയായ മൂലധനം അംഗങ്ങളിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ സമാഹരിച്ച് മൂലധന പര്യാപ്തത **31/3/13-** ന് **4%** മെങ്കിലും കൈവരിക്കേണ്ടതും ആയത് **31/3/14-** ന് കുറഞ്ഞത് **7%** മെങ്കിലും കൈവരിച്ചിരിക്കണമെന്ന് ഭാരതീയ റിസർവ്വ് ബാങ്ക് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിനായി ഒരു മോണിറ്ററബിൾ ആക്ഷൻ പ്ലാൻ അതാതു ബാങ്കുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ഇക്കാര്യങ്ങൾ മേൽ വിചാരം നടത്തുന്നതിന് ഭാരതീയ റിസർവ്വ് ബാങ്ക് റീജിയണൽ ഡയറക്ടർ ചെയർമാൻ ആയും–നബാർഡ് ചീഫ് ജനറൽ മാനേജർ, സഹകരണ സംഘം രജിസ്ട്രാർ, സഹകരണ വകുപ്പ് സെക്രട്ടറി, ഭാരതീയ റിസർവ്വ് ബാങ്ക് മെംബർ സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു **Task Force**-ന് രൂപം നൽകി അവലോകനം നടന്നു വരികയാണ്. ഈ സാഹചര്യത്തിൽ മൂലധന പര്യാപ്തത വർദ്ധിപ്പിക്കേണ്ടതിനാൽ സൂചന (1) പ്രകാരം നിശ്ചയിച്ചിരുന്ന ഓഹരി അനുപാതം **2%** ആയി എല്ലാ വായ്പകൾക്കും പുതുക്കി നിശ്ചയിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മേൽ ഓഹരി അനുപാതം എല്ലാ പ്രാഥമിക വായ്പ സംഘങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും ബാധകമായിരിക്കും.

സർക്കുലർ തീയതി മുതൽ ടി നിർദ്ദേശങ്ങൾക്ക് പ്രാബല്യം ഉണ്ടായിരിക്കും.

ഒപ്പ്,
കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ